**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ/ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ(സാധാ)നം. 2837/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 12/12/2019

===========================================================================

പരാമർശം: 1. 30.10.2010 ലെ 36587(1)/ ആർ.എ 1/09/ത.സ്വ.ഭ.വ നമ്പർ സർക്കുലർ.

2. തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിലെ 16.12.2013-ലെ 73576/ആർ.എ 1/2013/തസ്വഭവ നമ്പർ സർക്കുലർ.

**ഉത്തരവ്**

കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത പരിപത്രം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പല തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും കൃത്യമായി അയക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാമർശത്തിലെ പരിപത്രം പുറപ്പെടുവിച്ചതിന് ശേഷമുള്ള 6 വർഷങ്ങൾ കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഐ.കെ.എമ്മിലെയും ഐ.റ്റി സംവിധാനങ്ങളും സോഫ്റ്റ് വെയറുകളും വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. അതിനാൽ ഇനിമുതൽ (2019, ഡിസംബർ മാസം മുതൽ) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പ്രസ്തുത വിവരങ്ങൾ മാനുവലായി അയക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. അതിന് പകരം നേരിട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യാനുള്ള സംവിധാനം തയ്യാറായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ നഗരസഭാ സെക്രട്ടറിമാരും കൃത്യമായി പാലിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ/ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ, അനുവദിച്ച് നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റുകൾ/ഒക്കുപ്പൻസി സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ്) ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊഫോർമയിൽ (അനുബന്ധം ഒന്നും രണ്ടും) എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസം തങ്ങളുടെ ഡിജിറ്റൽ സിഗ്നേചർ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യം നഗരസഭാ സെക്രട്ടറിമാരുടെ വാർഷിക പെർഫോർമൻസ് അപ്രൈസലിലെ (ACR) ഒരു പ്രധാനപ്പെട്ട മാനദണ്ഡമായി പരിഗണിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ടി.കെ. ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
കോർപ്പറേഷൻ/മുൻസിപ്പാലിറ്റി സെക്രട്ടറിമാർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഐ. & പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.
6. തദ്ദേശസ്വയംഭരണ (ആർ.ബി./ആർ.ഡി.) വകുപ്പുകൾക്ക്.

**അനുബന്ധം I**

**കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്ഥിതിവിവര കണക്ക്**

**തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്** ........................................................................ **മാസം, വർഷം :** ..........................................

| കെട്ടിടത്തിന്റെ തരം | മാസാരംഭത്തിൽ തീർപ്പാകാതെ ശേഷിച്ചിരുന്ന | നടപ്പ് മാസത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നടപ്പ് മാസം നടപടി സ്വീകരിക്കേണ്ടിയിരുന്ന അപേക്ഷകളുടെ എണ്ണം | ഒക്കുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം | അധിക വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് നല്കിയ അപേക്ഷകളുടെ എണ്ണം | നടപ്പ് മാസാവസാനം നടപടി സ്വീകരിച്ച ആകെ അപേക്ഷകളുടെ എണ്ണം | നടപ്പ് മാസാവസാനം നടപടി സ്വീകരിക്കാതെ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4 (2+3)** | **5** | **6** | **7** | **8 (5+6+7)** | **9 (4-8)** | **10** |
| Single Family residential building (A1) | | | | | | | | | |
| Apartment and Other Building (A1) | | | | | | | | | |
| Assembly/Medical/Educational (B+C+D) | | | | | | | | | |
| Commercial/ Office (E+F) | | | | | | | | | |
| Industrial/ Storage (G1+G2+H) | | | | | | | | | |
| Hazardous (I) | | | | | | | | | |
| Multiplex (J) | | | | | | | | | |
| TOTAL | | | | | | | | | |

സെക്രട്ടറി

## അനുബന്ധം II
## ഒക്കുപൻസിക്കുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്ഥിതിവിവര കണക്ക്

**തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്** ........................................................................................ **മാസം, വർഷം :** ..........................................

| കെട്ടിടത്തിന്റെ തരം | മാസാരംഭത്തിൽ തീർപ്പാകാതെ ശേഷിച്ചിരുന്ന | നടപ്പ് മാസത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നടപ്പ് മാസം നടപടി സ്വീകരിക്കേണ്ടിയിരുന്ന അപേക്ഷകളുടെ എണ്ണം | ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം | അധിക വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് നല്കിയ അപേക്ഷകളുടെ എണ്ണം | നടപ്പ് മാസാവസാനം നടപടി സ്വീകരിച്ച ആകെ അപേക്ഷകളുടെ എണ്ണം | നടപ്പ് മാസാവസാനം നടപടി സ്വീകരിക്കാതെ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4 (2+3)** | **5** | **6** | **7** | **8 (5+6+7)** | **9 (4-8)** | **10** |
| Single Family residential building (A1) | | | | | | | | | |
| Apartment and Other Building (A1) | | | | | | | | | |
| Assembly/Medical/Educational (B+C+D) | | | | | | | | | |
| Commercial/ Office (E+F) | | | | | | | | | |
| Industrial/ Storage (G1+G2+H) | | | | | | | | | |
| Hazardous (I) | | | | | | | | | |
| Multiplex (J) | | | | | | | | | |
| TOTAL | | | | | | | | | |

സെക്രട്ടറി